പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5906 08.07.2013-ൽ മറുപടിയ്ക്ക്

നഗരസഭകളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ, നിലവിലുള്ള അറവുശാലകൾ ആധുനികവൽക്കരിക്കുന്നതിനും പുതിയ അറവുശാലകൾ സ്ഥാപിക്കുന്നതിനും വേണ്ടി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി പരിശോധിച്ച് അവയ്ക്ക് സാങ്കേതികാനുമതി ശുചിത്വമിഷനിൽ നിന്നും നൽകി വരുന്നു. ആയതിന്റെ നിർവ്വഹണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പുതിയ അറവുശാല നിർമ്മിക്കുന്നതിലേയ്ക്കായി ശുചിത്വമിഷൻ രണ്ട് ടൈപ്പ് ഡിസൈനുകൾ തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 24 മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് നിലവിലുള്ള അറവു ശാലകളുടെ പുനരുദ്ധാരണത്തിനോ പുതിയ അറവുശാല നിർമ്മിക്കുന്നതിനോ ആയി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വൃത്തിയും വെടിപ്പുമുള്ള അറവുശാലകളിൽ നഗരസഭാധികൃതർ സർട്ടിഫൈ ചെയ്തിട്ടുള്ള മൃഗങ്ങളെ മാത്രമേ കശാപ്പ് ചെയ്യുന്നതിനായി ഉപയോഗിക്കുന്നുള്ളു എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കശാപ്പിനായി മൃഗങ്ങളെ കൊണ്ട് വന്ന് വിശ്രമം നൽകാനും മൃഗഡോക്ടർ പരിശോധന നടത്തിയതിനു ശേഷം 24 മണിക്കൂർ പാർപ്പിക്കാനുമുള്ള ലെയ്റേജ് സംവിധാനം ഉണ്ടായിരിക്കണം. മൃഗഡോക്ടർ പോസ്റ്റ് മോർട്ടം, ആന്റിമോർട്ടം പരിശോധനകൾ നടത്താനുള്ള സൗകര്യം ഉണ്ടായി

| | | | |
|---|---|---|---|
| | | | രിക്കണം. മാലിന്യത്തിന്റെ അളവു കുറയ്ക്കാനും അറവുശാലയുടെ ശുചിത്വം ഉറപ്പാക്കാനും മൃഗങ്ങളെ കശാപ്പ് ചെയ്തു രക്തം വാർന്നെടുക്കാനുള്ള സൗകര്യം, തോല്, എല്ല്, കൊമ്പ്, കുളമ്പ് ഇവ വേർപെടുത്തി അടച്ചു സംഭരിക്കാനുള്ള ട്രോളി മാതൃകയിൽ അവശിഷ്ടങ്ങൾ സംഭരിക്കാനുള്ള സൗകര്യം എന്നിവ ഉണ്ടായിരിക്കണം. മൃഗങ്ങളെ കുളിപ്പിക്കുമ്പോഴും കശാപ്പ് ചെയ്യുമ്പോഴും ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കാനായി മലിനജല സംസ്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം. നവീന അറവുശാലകൾ സ്ഥാപിക്കുമ്പോൾ മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള അറവുരീതികൾ അവലംബിക്കാനും മാലിന്യത്തിൽ നിന്നും ഉപോൽപ്പന്നങ്ങൾ വീണ്ടെടുക്കാനും അറവുശാലയിൽ ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്ക്കരിക്കാനും ഉള്ള സൗകര്യങ്ങളും ഉണ്ടായിരിക്കണം. |
| (സി) | സംസ്ഥാനത്തെ നഗരസഭകളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏത് ഏജൻസിയ്ക്കാണ് നൽകിയിരിക്കുന്നത് ; | (സി) | നിലവിലുള്ള അറവുശാലകൾ നവീകരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് 'സാങ്കേതികാനുമതി നൽകാനായി ശുചിത്വമിഷനെയും ആയതിന്റെ സാമ്പത്തിക സഹായം നൽകാനായി നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | 2013-14 വർഷത്തിൽ എത്ര നഗരസഭകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ ? | (ഡി) | 2013-14 വർഷത്തിൽ 10 നഗരസഭകളിൽ നിലവിലുള്ള അറവുശാലകൾ നവീകരിക്കുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തികസഹായവും നൽകാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ